(iii) സാംസ്കാരിക സങ്കലനം: ഭാഷയും മതവും

ഖിലാഫതുർറാശിദഃയുടെ കാലഘട്ടത്തിൽ തന്നെ ഇസ്‌ലാമിക സാമ്രാജ്യത്തിൽ വിവിധ മതക്കാരും വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്നവരും ഉണ്ടായിരുന്നു. ഇറാനികൾ പേർഷ്യൻ ഭാഷ സംസാരിക്കുന്നവരും അഗ്നിയാരാധകരുമായിരുന്നു. സിറിയയിലെയും ഈജിപ്തിലെയും ക്രിസ്ത്യാനികൾ സുറിയാനി, യൂനാനി ഭാഷകൾ സംസാരിക്കുന്നവരായിരുന്നു. അറേബ്യയിലും അതിനോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലും മാത്രമായിരുന്നു അറബി ഭാഷ സംസാരിക്കപ്പെട്ടിരുന്നത്. അറബികൾ ഏതാണ്ട് എല്ലാവരും മുസ്‌ലിംകളായിരുന്നു. ഇറാൻ, ഇറാഖ്, സിറിയ, ഈജിപ്ത് എന്നീ നാടുകളിൽ ഇസ്‌ലാം ദ്രുതഗതിയിൽ വ്യാപിക്കാൻ തുടങ്ങിയപ്പോൾ അവിടങ്ങളിലെ ജനത തങ്ങളുടെ പാരമ്പര്യ മതവിശ്വാസങ്ങൾ വെടിഞ്ഞ് കൂട്ടമായി ഇസ്‌ലാമിൽ പ്രവേശിച്ചു. ആദ്യകാല ഖലീഫഃമാരുടെ കാലത്ത് വംശദേശ വ്യത്യാസമില്ലാതെ ഇസ്‌ലാമിൽ പ്രവേശിച്ച എല്ലാവരും ഒരുപോലെ പരിഗണിക്കപ്പെട്ടിരുന്നു. ഉമവീ കാലം മുതൽ ഇതിന് ചില്ലറ വ്യതിയാനങ്ങൾ സംഭവിച്ചുതുടങ്ങി.

മുസ്‌ലിംകൾക്കധീനമായ പ്രദേശങ്ങളിലെ നിവാസികളധികവും ഇസ്‌ലാമിലേക്കു വന്ന് പുതിയ സംസ്കാരത്തിനും നാഗരികതയ്ക്കും അസ്തിവാരമിട്ടപ്പോൾ അവയെ തമ്മിൽ കൂട്ടിയിണക്കുന്ന കണ്ണിയായി വർത്തിച്ചത് അറബി എന്ന പൊതുഭാഷയായിരുന്നു.

ഇസ്‌ലാം പ്രചരിച്ച നാടുകളിലെ ജനങ്ങൾ തങ്ങളുടെ പ്രാദേശിക ഭാഷകൾക്ക് പകരം അറബിയെ സ്വന്തം ഭാഷയായി അംഗീകരിച്ചു. സ്വാഭാവികമായും അത് അറബി ഭാഷയ്ക്ക് മേല്ക്കോയ്മ ലഭിക്കാൻ കാരണമായി. പ്രാദേശിക ഭാഷകളുടെ സ്ഥാനം ക്രമേണ അറബി ഭാഷയ്ക്ക് കൈവന്നു. ഇങ്ങനെ ഇസ്‌ലാമികവൽക്കരണവും അറബിവൽക്കരണവും ഒരേ സമയം സംഭവിച്ചത് ആഫ്രിക്കയിലെ മുസ്‌ലിം ആധിപത്യത്തിന്റെ സവിശേഷതകളിലൊന്നാണ്. പില്ക്കാലത്ത് ഈജിപ്ത്, അൽജീരിയ, മൊറോക്കോ തുടങ്ങിയ നാടുകളിലെ ജനങ്ങൾ അറബികളായിട്ടാണ് അറിയപ്പെട്ടത്. അറബി-ഇസ്‌ലാമികവൽക്കരണത്തിന് വിധേയമായ ആഫ്രിക്കയുടെ ആധുനിക ചരിത്രം (15-ാം നൂറ്റാണ്ടിനുശേഷം) കോളനി വാഴ്ചയുമായി ബന്ധപ്പെട്ടതാണ്. മധ്യപൗരസ്ത്യ ദേശത്തെ ആഫ്രിക്കൻ രാജ്യങ്ങളായ മൊറോക്കോ, അൽജീരിയ, തുനീഷ്യ, ലിബിയ, മൗറിത്താനിയ, ഈജിപ്ത്, സുഡാൻ, ജിബൂത്തി, സോമാലിയ എന്നിവിടങ്ങളിലും ജനങ്ങളുടെ സംസാരഭാഷ അറബിയായി മാറി. അങ്ങനെ ആഫ്രിക്കൻ ജനതയുടെ സംസ്കാരം ഇസ്‌ലാമിക സംസ്കാരവുമായി സംയോജിക്കപ്പെട്ടു. ഇസ്‌ലാമിന് പൂർണമായി സ്വാധീനം നേടാൻ കഴിയാത്തിടങ്ങളിൽപോലും പ്രാദേശിക ഭാഷകൾ അറബിയുടെ സ്വാധീനത്താൽ അറബി ലിപി സ്വീകരിച്ചു നിലനിന്നു. എത്യോപ്യയിലെ ആംഹറിക്, ഗുറാജ്, ഒറോമോ എന്നിവ ഉദാഹരണം. തെക്കൻ സുഡാനിൽ ജനങ്ങൾ മുസ്‌ലിംകളായിട്ടില്ലെങ്കിലും അവരുടെ വൈജ്ഞാനിക -വ്യവഹാരഭാഷ അറബിയായിട്ടുണ്ട്.

ആഫ്രിക്കൻ സാഹിത്യം എന്നാൽ ഏറെക്കാലം ഇസ്‌ലാമിക സാഹിത്യമായിരുന്നു. [നോ: ആഫ്രിക്കൻ ഭാഷകളും സാഹിത്യവും]

1898 മുതൽ 1955 വരെ നീണ്ടുനിന്ന സുഡാനിലെ ബ്രിട്ടീഷ് ആധിപത്യം ആഫ്രിക്കയുടെ തെക്കോട്ടുള്ള ഇസ്‌ലാമിന്റെയും അറബി ഭാഷയുടെയും വ്യാപനത്തെ മന്ദഗതിയിലാക്കി. ഇസ്‌ലാമികവത്കൃത ഉത്തര സുഡാൻ ദക്ഷിണ സുഡാനുമായി ബന്ധപ്പെടുന്നത് ബ്രിട്ടീഷുകാർ തടയുകയും ബ്രിട്ടീഷ് മേൽനോട്ടത്തിൽ ദക്ഷിണ സുഡാനെ ക്രൈസ്തവവൽക്കരിക്കുവാൻ ശ്രമം നടത്തുകയും ചെയ്തു.

പൂർവ ആഫ്രിക്കയുടേതിൽനിന്ന് തികച്ചും വ്യത്യസ്തമായ ഒരു പശ്ചാത്തലത്തിലാണ് ഇസ്‌ലാം ആഫ്രിക്കയുടെ തെക്ക് ഭാഗങ്ങളിൽ പ്രത്യേകിച്ച് ദക്ഷിണ ആഫ്രിക്കയിൽ എത്തുന്നത്. 18-ാം നൂറ്റാണ്ടിൽ മലായ്-മുസ്‌ലിം അടിമകളുടെ ഇറക്കുമതിയിലൂടെയാണ് ഇസ്‌ലാം ദക്ഷിണാഫ്രിക്കയിൽ വ്യാപിച്ചത്. ദക്ഷിണേഷ്യ, തെക്ക് കിഴക്കേഷ്യ എന്നിവിടങ്ങളിൽനിന്നുള്ള മുസ്‌ലിം വ്യാപാരികളായിരുന്നു ഇതിൽ മുഖ്യ പങ്കു വഹിച്ചത്. അക്കാലത്ത് ഇന്ത്യയിലെ ഗുജറാത്തിൽനിന്നുള്ള ധാരാളം മുസ്‌ലിം വ്യാപാരികൾ ദക്ഷിണാഫ്രിക്കയിൽ ഉണ്ടായിരുന്നു. ആ സമൂഹവുമായുള്ള സമ്പർക്കം വഴി ഇസ്‌ലാം ദക്ഷിണാഫ്രിക്കയിൽ പ്രചരിച്ചിരുന്നു. ആഫ്രിക്കയുടെ വടക്കൻ ഭാഗങ്ങളെക്കാൾ യൂറോപ്പിൽനിന്ന് വളരെ അകന്ന് കഴിയുന്ന ദക്ഷിണാഫ്രിക്കൻ ജനത മറ്റെല്ലാവരെക്കാളും വേഗത്തിൽ പാശ്ചാത്യവൽക്കരിക്കപ്പെട്ടു. ഇംഗ്ലീഷുകാരുടെ ദക്ഷിണാഫ്രിക്കയിലെ ആധിപത്യവും വെള്ളക്കാരുടെ കോളനികളുടെ സാന്നിധ്യവുമാണ് ഇതിന് കാരണമായത്. ദക്ഷിണാഫ്രിക്കയിലെ ന്യൂനപക്ഷമായ മുസ്‌ലിംകളിൽ ഉത്തരാഫ്രിക്കയിലെ മുസ്‌ലിംകളിലേതുപോലെ അറബി ഭാഷ വ്യാപകമായി പ്രചരിച്ചിരുന്നില്ല. അവർ ഇംഗ്ലീഷിനെ തങ്ങളുടെ വൈജ്ഞാനിക ഭാഷയാക്കുകയായിരുന്നു.

അറബികളുടെ പടയോട്ടത്തെക്കാൾ ബർബരീ മുസ്‌ലിംകളുടെ വാണിജ്യയാത്രകളാണ് പശ്ചിമാഫ്രിക്കൻ പ്രദേശങ്ങളിലധികവും ഇസ്‌ലാം പ്രചരിക്കാൻ ഇടയായതെന്ന് യൂറോപ്യൻ ക്രൈസ്തവ ചരിത്രകാരൻ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കിഴക്കേ ആഫ്രിക്കയിലെ ഇസ്‌ലാമിന് കൂടുതലും അറബി സ്വാധീനമാണുള്ളത്. കിഴക്കനാഫ്രിക്ക ഇസ്‌ലാമിന്റെ ആവിർഭാവം മുതൽ ഇന്നുവരെ അതിന്റെ അറബിച്ചുവ നിലനിർത്തിപ്പോരുന്നു. അതുകൊണ്ടുതന്നെ ഇസ്‌ലാം അവിടെ ഒരു വൈദേശിക മതമായിത്തന്നെ നില്ക്കുന്നു. എന്നാൽ പശ്ചിമാഫ്രിക്കയിൽ സ്ഥിതി വ്യത്യസ്തമാണ്. കിഴക്കേ ആഫ്രിക്കയിൽ പശ്ചിമാഫ്രിക്കയിലേതുപോലെ ശക്തരായ പ്രാദേശിക മുസ്‌ലിം നേതാക്കൾ ഉയർന്നുവരുന്നുമില്ല. അറബി വംശജർ തന്നെയാണ് ഇന്നും കിഴക്കനാഫ്രിക്കയിലെ നേതൃത്വ രംഗത്തുള്ളത്. അതുമൂലം വൈദേശികമായ ഒരു ബുദ്ധിമുട്ട് ഇസ്‌ലാമിന് കിഴക്കനാഫ്രിക്കൻ നാടുകളിൽ അഭിമുഖീകരിക്കേണ്ടിവന്നു. നൈജീരിയ പോലുള്ള പശ്ചിമാഫ്രിക്കൻ രാജ്യങ്ങളിൽ ഇസ്‌ലാം അറബിവൽക്കരണത്തിനു പകരം ആഫ്രിക്കൻവൽക്കരണത്തിന് വിധേയമായതു മൂലമാണ് ക്രൈസ്തവ കോളനിവാഴ്ചക്കാലത്തുപോലും നൈജീരിയയിൽ ഇസ്‌ലാം വ്യാപിക്കാനിടയായതെന്നാണ് പാശ്ചാത്യൻ ചരിത്രമതം. താഴെ വിവരിക്കുന്ന കാരണങ്ങളാലാണ് ആഫ്രിക്കയിൽ മുഖ്യമായും ഇസ്‌ലാം പ്രചരിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കാം.

1. അറബികളുടെ പടയോട്ടങ്ങൾ

ഇസ്‌ലാമിന്റെ പ്രാരംഭ ദശ മുതൽ അറബി പടയോട്ടങ്ങളും രാഷ്ട്രീയ ആധിപത്യവും അതിന്റെ പ്രചാരണത്തിന് മുഖ്യ പങ്കുവഹിച്ചിട്ടുണ്ട്. അംറുബ്നുൽ ആസിന്റെ ഈജിപ്ത് വിമോചനം മുതൽ തുടങ്ങി ചരിത്രത്തിലുടനീളം നീണ്ടുനിന്നിട്ടുള്ളതും കാനിം-ബോർണോ സൽത്വനത്-സോക്ഹോയ് ഭരണകൂടം, സ്വാഹിലി നഗര രാഷ്ട്രങ്ങളായ കിൽവ, പേയ്റ്റ് തുടങ്ങിയ ആധുനിക നഗരരാഷ്ട്രങ്ങളുടെ രൂപീകരണം വരെയെത്തുന്ന കാലത്ത് ഇസ്‌ലാം ആഫ്രിക്കയിൽ രാഷ്ട്രീയ ശക്തിയായിത്തന്നെ പ്രചരിച്ചിരുന്നു. ഈ കാലഘട്ടത്തിൽ ഇരുണ്ട ഭൂഖണ്ഡമെന്നറിയപ്പെട്ട ആഫ്രിക്കയിൽ യൂറോപ്യൻ നഗരങ്ങളെ വെല്ലുന്ന തരത്തിലുള്ള നഗരങ്ങളും വൈജ്ഞാനിക കേന്ദ്രങ്ങളും മുസ്‌ലിംകൾ നിർമിക്കുകയുണ്ടായി. കൈറോ, ഖൈറവാൻ, ടിമ്പക്റ്റോ തുടങ്ങിയ പട്ടണങ്ങൾ ഇതിനുദാഹരണമാണ്.

2. അറബി മുസ്‌ലിംകളുടെ കുടിയേറ്റം

ഈ കുടിയേറ്റങ്ങൾ വമ്പിച്ച തോതിൽ മതപരിവർത്തനത്തിന് സഹായകമായിട്ടുണ്ട്. യമനിലെയും ഉമാനിലെയും അറബി-മുസ്‌ലിംകൾ കിഴക്കനാഫ്രിക്കൻ നാടുകളിലെ വിവിധ ദേശങ്ങളിൽ കുടിയേറിപ്പാർത്തിരുന്നു. താൻസാനിയ, കെനിയ എന്നീ രാജ്യങ്ങളുടെ ഉദ്ഭവത്തിന് കാരണമായത് ഈ കുടിയേറ്റമാണ്.

3. കച്ചവട-വാണിജ്യ മാർഗങ്ങളിലൂടെയുള്ള പ്രചാരണം

പൗരാണിക കാലം മുതല്ക്കേ സഹാറയിലൂടെയുള്ള സാർഥവാഹക സംഘങ്ങൾ കച്ചവട യാത്രകൾ നടത്തിയിരുന്നു. ആഫ്രിക്കക്കാരും അറബികളുമായ സ്വാഹിലി കച്ചവട സംഘങ്ങൾ തങ്ങളുടെ യാത്രയ്ക്കിടക്ക് ഗനിയ, മാലി, സെനിഗൽ, ഉഗാണ്ട, സയർ, മലാവി, മൊസാംബിക് എന്നീ ദേശങ്ങളിൽ ഇസ്ലാം പ്രചരിപ്പിച്ചിരുന്നു.

4. ദഅ്‌വഃ പ്രവർത്തനങ്ങൾ (മിഷനറി സംഘം)

ആദ്യകാലങ്ങളിൽ ശീഇകളിലെ വിവിധ നേതാക്കന്മാരും സ്വൂഫി വര്യന്മാരും പണ്ഡിത സംഘങ്ങളും ഇത്തരം പ്രബോധന പ്രവർത്തനം നടത്തിയിരുന്നു. അന്ധവിശ്വാസങ്ങൾ പ്രചരിപ്പിച്ച് അസുഖങ്ങൾ സുഖപ്പെടുത്തിയ മന്ത്രവാദികളിലൂടെയും ഇസ്ലാമിന് അനുയായികളെ ലഭിച്ചിട്ടുണ്ട്. ഗോത്രവർഗ സംസ്കാരം നിലനില്ക്കുന്ന ആഫ്രിക്കയിൽ ജനങ്ങളിൽ നല്ലൊരു പങ്കും ഇങ്ങനെയുള്ള മാർഗങ്ങളിലൂടെ ഇസ്ലാമിലേക്ക് വന്നവരാണ്. എന്നാൽ പ്രബോധനം ലക്ഷ്യം വച്ച് ആഫ്രിക്കയിലെത്തിയ സ്വൂഫിവര്യന്മാരുടെ പ്രവർത്തനവും കുറവല്ല. ആധുനിക കാലഘട്ടത്തിൽ അറബി നാടുകളിൽനിന്നുള്ള ദഅ്‌വഃ സംഘങ്ങൾ ആഫ്രിക്കയിൽ പ്രവർത്തിച്ചുവരുന്നു. [നോ: ആഫ്രിക്ക].

5. നവോത്ഥാന സംരംഭങ്ങൾ

ഉഥ്മാൻ ദാൻഫോദിയോ (1754–1817 നൈജീരിയ), മുഹമ്മദുബ്നു അബ്ദില്ലാ (സുഡാൻ), മുഹമ്മദുബ്നു അലി സനൂസി (1791–1851 ലിബിയ), ഇമാം ഹസനുൽ ബന്നാ, മുസ്ത്വഫസ്സിബാഈ തുടങ്ങിയ കഴിഞ്ഞ മൂന്നു നൂറ്റാണ്ടുകളിലെ നവോത്ഥാന നായകന്മാരുടെ പ്രവർത്തനങ്ങളിലൂടെയാണ് ആഫ്രിക്കൻ ജനതയിൽ നല്ലൊരു പങ്കിനും ഇസ്ലാമിന്റെ ശരിയായ വശം മനസ്സിലാക്കാൻ കഴിഞ്ഞത്.

അന്ധവിശ്വാസങ്ങൾ നിറഞ്ഞ, ബഹുദൈവത്വപരമായ പല വിശ്വാസങ്ങളും വച്ചുപുലർത്തിയിരുന്ന ആഫ്രിക്കൻ ജനതയിൽ മുൻചൊന്ന നേതാക്കളുടെ പ്രവർത്തനങ്ങൾ നിർണായകമായ സ്വാധീനം ചെലുത്തിയിരുന്നു.

ആഫ്രിക്കയുടെ ഉത്തര–പശ്ചിമ ഭാഗങ്ങളിലും എത്യോപ്യയിലും ലക്ഷക്കണക്കിന് അപരിഷ്കൃതരായ ഗോത്രവർഗക്കാർ ഇസ്ലാമിക ജീവിതം നയിക്കാൻ തുടങ്ങിയത് സനൂസിയുടെ പ്രവർത്തനഫലമായിട്ടായിരുന്നു.

ഹൗസ, ഫുലാനീ ഗോത്രക്കാരായ നൈജീരിയൻ മുസ്ലിംകളെ തൗഹീദിന്റെ വാഹകരാക്കി മാറ്റുന്നതിലും അവർക്ക് ഇസ്ലാമിന്റെ ശരിയായ ചിത്രം മനസ്സിലാക്കിക്കൊടുക്കുന്നതിലും ദാൻഫോദിയോയുടെ പ്രവർത്തനങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്.

സുഡാനീ മുസ്ലിംകളെ വിശ്വാസത്തിന്റെ ശരിയായ പാതയിൽ ചരിക്കാൻ പ്രേരിപ്പിച്ചത് മുഹമ്മദ് അബ്ദുല്ലായുടെ പ്രവർത്തനങ്ങളാണ്.

ഇന്ന് ആഫ്രിക്കയിലെ പകുതിയിലധികം ജനങ്ങളും മുസ്ലിംകളാണ്. ആഫ്രിക്കയുടെ മേധാവിത്വത്തിനും അതിന്റെ ക്രൈസ്തവവൽക്കരണത്തിനുമായി യൂറോപ്യൻ ക്രൈസ്തവ മിഷനറികളുടെ അനവധി സംഘങ്ങൾ ഇന്ന് അവിടെ പ്രവർത്തിക്കുന്നുണ്ട്.

ആഫ്രിക്കൻ മുസ്ലിംകളിൽ പലരെയും അടിമകളാക്കി അമേരിക്കയിൽ കൊണ്ടുപോയി വിറ്റ് കോടികൾ സമ്പാദിച്ച സാമ്രാജ്യ ശക്തികൾ പിന്നീട് അവരുടെ ഭൂപ്രദേശങ്ങൾ പങ്കിട്ടെടുത്തു. ഇന്ന് അവരെ ക്രൈസ്തവ വൽക്കരിക്കാനായി കോടിക്കണക്കിന് ഡോളറുകൾ ചെലവിടുന്നു. പലപ്പോഴും ഈ മിഷനറി സംഘങ്ങളുടെ പ്രവർത്തനങ്ങൾ മുസ്ലിംകളുമായി വംശീയ–വർഗീയ സംഘട്ടനങ്ങൾക്ക് വഴിവയ്ക്കാറുണ്ട്.

മുസ്ലിംകളായി അറിയപ്പെടുന്നുവെങ്കിലും ഇസ്ലാമിന്റെ തനത് ചിത്രം മനസ്സിലാക്കാത്തവരാണ് ഗോത്രവർഗക്കാരും ആദിമവാസികളും മറ്റും. അവരിൽ പലരും തങ്ങളുടെ പാരമ്പര്യ ഗോത്ര ദൈവങ്ങളെയും പ്രകൃതി ശക്തികളെയും ആരാധിക്കുന്നവരായുണ്ട്. അവർക്കിടയിൽ പ്രബോധനം നടത്തുന്നതിന് മുസ്ലിം ദഅ്‌വഃ സംഘങ്ങൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്. അവരെ ക്രൈസ്തവവൽക്കരിക്കുന്നതിന് ക്രിസ്തീയ മിഷനറി സംഘങ്ങളും രംഗത്തുണ്ട്.

ഇസ്ലാം ആഫ്രിക്കൻ ജനതയുടെ ജീവിതത്തിൽ വമ്പിച്ച മാറ്റങ്ങൾ വരുത്തുകയുണ്ടായി. ഇസ്ലാമിക വിജ്ഞാനം സാർവത്രികമായ ഇടങ്ങളിൽ അന്ധവിശ്വാസങ്ങൾ  ദൂരീകൃതമായി. നരഹത്യ, നരഭോജനം തുടങ്ങിയ അത്യന്തം അപരിഷ്കൃതമായ ആചാര സമ്പ്രദായങ്ങൾക്ക് ഇസ്ലാമിന്റെ വ്യാപനത്തോടെ വിരാമമായി. രാഷ്ട്രീയമായ ഭദ്രത കൈവന്നു. ഇസ്ലാം ജനങ്ങളെ ഏകോപിപ്പിക്കുകയും ശക്തമായ ഭരണകൂടങ്ങൾക്ക് അടിത്തറയിടുകയും ചെയ്തു. സാമ്പത്തിക–നീതിന്യായ ക്രമങ്ങൾക്ക് ഉന്നതമായ ആദർശത്തിന്റെ അസ്തിവാരം കൈവന്നു. അറബി ഭാഷയിൽ ഗ്രന്ഥരചന ആരംഭിക്കുകയും ചരിത്രരചനയ്ക്ക് തുടക്കം കുറിക്കുകയും ചെയ്തു. ലിപികളില്ലാതിരുന്ന നിരവധി ആഫ്രിക്കൻ ഭാഷകൾക്ക് ലിപി ലഭ്യമായി. ഉദാ. ഹൗസ, ഫുലാനി, സ്വാഹിലി, ഒരോമോ. അടിമകൾക്ക് പോലും മാന്യമായ പരിഗണന നല്കപ്പെട്ടു. സാംസ്കാരിക രംഗവും അഭിവൃദ്ധിപ്പെട്ടു. അറേബ്യൻ ജനതയിൽ ഇസ്ലാം സൃഷ്ടിച്ച പരിവർത്തനത്തിന്റെ പല മാതൃകകളും ആഫ്രിക്കയിലും ആവർത്തിക്കപ്പെട്ടു.

എന്നാൽ 18, 19 നൂറ്റാണ്ടുകളിൽ ആഫ്രിക്കയിൽ ആധിപത്യം സ്ഥാപിച്ച യൂറോപ്യന്മാരും അവരുടെ പിന്തുണയോടെ തദ്ദേശീയർക്കിടയിൽ മിഷനറി പ്രവർത്തനം തുടങ്ങിയ ക്രിസ്ത്യൻ പാതിരിമാരും ആഫ്രിക്കയുടെ സാംസ്കാരിക സ്വത്വം തകർക്കുന്നതിനും അവരെ പല നിലയിൽ ചൂഷണം ചെയ്യുന്നതിനും ശ്രമിക്കുകയുണ്ടായി.

ആഫ്രിക്കയിൽ നിലനിന്നിരുന്ന കിരാതവും അപരിഷ്കൃതവുമായ അടിമവ്യാപാരം അതിന്റെ എല്ലാ കെടുതികളോടും കൂടി യൂറോപ്യൻമാർ തങ്ങളുടെ താൽപര്യങ്ങൾക്ക് ഉപയോഗപ്പെടുത്തിയപ്പോൾ ഇസ്ലാം അതിന് ആധിപത്യം ലഭിച്ച നാടുകളിലെ അടിമകളോട് അങ്ങേയറ്റം മനുഷ്യത്വപരമായ സമീപനമാണ് പുലർത്തിയിരുന്നത്.

പടിഞ്ഞാറൻ സാമ്രാജ്യ ശക്തികളിൽ താരതമ്യേന സഹിഷ്ണുതാപൂർവമായ സമീപനം പുലർത്തിയിരുന്ന ബ്രിട്ടീഷുകാർപോലും ആഫ്രിക്കയിൽ വിശിഷ്യാ, സുഡാനിലും നൈജീരിയയിലും ഇസ്ലാം വിരുദ്ധവും ക്രൈസ്തവ പക്ഷപാതത്തിലധിഷ്ഠിതവുമായ ഒരു സമീപനമാണ് കൈക്കൊണ്ടിരുന്നത്. ഇസ്ലാമിക സമൂഹത്തിന്റേതിൽനിന്ന് വ്യത്യസ്തമായി യൂറോപ്യൻ അധിനിവേശ ശക്തികൾ പലപ്പോഴും രാഷ്ട്രീയ മുതലെടുപ്പിനായിരുന്നു മതത്തെ ഉപയോഗപ്പെടുത്തിയിരുന്നത്. ഇരു അധിനിവേശ ശക്തികളും തമ്മിലുള്ള പ്രകടമായ വ്യത്യാസമാണിവിടെ കാണാൻ കഴിയുന്നത്. മുസ്ലിം രാഷ്ട്രീയ ശക്തികൾ ആഫ്രിക്കൻ ജനതയുടെ സർവതോമുഖമായ വികസനത്തിനും മോചനത്തിനും വേണ്ടി പ്രവർത്തിച്ചപ്പോൾ ജനതയെ ചൂഷണം ചെയ്യാനും അവരുടെ ഭൂപ്രദേശം കോളനികളാക്കാനും ശ്രമിക്കുകയാണ് പാശ്ചാത്യർ ചെയ്തത്. ഈ വശം മറച്ചുപിടിച്ചുകൊണ്ട് ചരിത്രത്തിന് പുതിയ ഭാഷ്യം ചമയ്ക്കാനാണ് പടിഞ്ഞാറൻ ചരിത്രകാരന്മാർ ശ്രമിച്ചുപോന്നത്. ആഫ്രിക്കയിലെ ഗോത്രവർഗ മതങ്ങളുടെ സഹിഷ്ണുതാപരമായ സമീപനം മൂലമാണത്രെ ഇസ്ലാം– ക്രൈസ്തവ മതങ്ങൾക്ക് അവിടെ ദ്രുതഗതിയിൽ പ്രചാരണം സിദ്ധിച്ചത്! ഇസ്ലാമിന്റെ വ്യാപനം, വികാസം, നവോത്ഥാനം തുടങ്ങിയവയെയും ആഫ്രിക്കൻ ജനതയുടെ പട്ടിണി, വരൾച്ച, ദാരിദ്ര്യം എന്നിവയെയും പശ്ചിമേഷ്യയിലെ എണ്ണ സമ്പത്തിന്റെ തിളക്കവുമായി താരതമ്യപ്പെടുത്തി വികൃതമാക്കാനുള്ള പടിഞ്ഞാറൻ ചരിത്രകാരന്മാരുടെ ശ്രമം കൗതുകകരമാണ്.